# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ.117/2024 തിരുവനന്തപുരം, തീയതി: 27/05/2024

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ബി.എ. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 ജൂൺ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബി.സി.എ. (332), (റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2020, 2019 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 ജൂൺ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി. എൻവയോൺമെന്റൽ സയൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ 2024 ജൂൺ 5 നകം www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫീസ് slcm ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല നടത്തിയ ഒന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം.സി.റ്റി.), ഏപ്രിൽ 2024 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 4 മുതൽ അതാത് കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സ്റ്റഡി മെറ്റീരിയൽസ്

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നാലാം സെമസ്റ്റർ യു.ജി. പ്രോഗ്രാമുകളുടെ (2022 അഡ്മിഷൻ) ബി.എ., ബി.കോം., ബി.ബി.എ. സ്റ്റഡി മെറ്റീരിയൽസ് 2024 മെയ് 28 മുതൽ ജൂൺ 1 വരെയുള്ള തീയതികളിൽ കാര്യവട്ടം ക്യാമ്പസിലെ വിദൂരവിദ്യാഭ്യാസവിഭാഗം ഓഫീസിൽ നിന്നും നേരിട്ട് കൈപ്പറ്റാവുന്നതാണ്. വിശദവിവരങ്ങൾക്ക് www.ideku.net സന്ദർശിക്കുക.

### പ്രൊവിഷണൽ സർട്ടിഫിക്കറ്റ്

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ബി.എസ്സി., ഏപ്രിൽ 2024 (റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2019, 2020 അഡ്മിഷൻ) പരീക്ഷയുടെ പ്രൊവിഷണൽ സർട്ടിഫിക്കറ്റുകൾ അതാത് കോളേജുകളിൽ 2024 മെയ് 31 മുതൽ ലഭ്യമാകുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**